**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 125** **23-08-2022 - ൽ മറുപടിയ്ക്ക്**

**നിരോധിത സാറ്റലൈറ്റ് ഫോൺ പിടികൂടിയ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിരോധിത സാറ്റലൈറ്റ് ഫോണുമായി ഏതെങ്കിലും യു.എ.ഇ. പൗരനെ സി.ഐ.എസ്.എഫ്. പിടികൂടി പോലീസിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | 04.07.2017 തീയതി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് മസ്കറ്റിലേക്ക് യാത്ര ചെയ്യാനെത്തിയ യു.എ.ഇ പൗരനായ ഹസ്സൻ മുഹമ്മദ് അലവി അൽ ജഫ്രി അൽ ഹാഷ്മി (Ghassan Mohammed Alawi Al Jefri Alhashmi) (പാസ്പോർട്ട് നമ്പർ G1ZF65587) എന്നയാളെ നിരോധിത സാറ്റലൈറ്റ് ഫോണുമായി സി.ഐ.എസ്.എഫ് പിടികൂടി നെടുമ്പാശ്ശേരി പോലീസിന് കൈമാറിയിരുന്നു. |
| (ബി) | പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും നിലവിൽ ആ പ്രതിയെ വിട്ടയച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 949/2017 U/s 4 r/w 20 ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് 1885 പ്രകാരം അന്നേ ദിവസം കേസെടുത്ത് ബഹു. അങ്കമാലി ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ബഹു. കോടതി ഇദ്ദേഹത്തിനു ജാമ്യം അനുവദിച്ചിട്ടുള്ളതും 07.07.2017-ൽ ടിയാൻ യു.എ.ഇ-ലേക്ക് മടങ്ങി പോയിട്ടുള്ളതുമാണ്. പ്രസ്തുത കേസിൽ അന്വേഷണം പൂർത്തിയാക്കി 30.07.2017-ൽ ബഹു. അങ്കമാലി ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ബഹു. കോടതി CC 674/2017 നമ്പരായി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ കേസിലെ പ്രതി ബഹു. കേരള ഹൈക്കോടതിയെ സമീപിച്ച് നൽകിയ അപേക്ഷ Crl.MC 7298/2017 നമ്പരായി ഫയലിൽ സ്വീകരിച്ച് 16.01.2019-ൽ ബഹു. ഹൈക്കോടതി ടി കേസുമായി ബന്ധപ്പെട്ട നടപടികളെല്ലാം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെട്ടുവിക്കുകയുമുണ്ടായി. തുടർന്ന് ബഹു. അങ്കമാലി JFCM കോടതി ഈ കേസിലെ തുടർ നടപടികൾ 15.03.2019-ൽ അവസാനിപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) | ഈ കേസിലെ പ്രതിയെ വിട്ടയക്കുവാൻ മുഖ്യമന്ത്രിയുടെ ഓഫീസ് പോലീസിൽ ഇടപെടൽ | (സി) | ആരോപണം വസ്തുതാ വിരുദ്ധമാണ്.മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് ആരും ഇടപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | നടത്തിയിട്ടുണ്ടെന്ന സ്വർണ്ണ കള്ളക്കടത്ത് കേസ് പ്രതിയുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ